# കുടുംബശ്രീ സി.ഡി.എസ്സുകളിൽ അക്കൗണ്ടന്റ് ഒഴിവ്

തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിലുള്ള കുടുംബശ്രീ സി.ഡി.എസ്. ഭരണസമിതികളിൽ **(നിലവിൽ ഒഴിവുള്ള സി.ഡി.എസ്-കളിൽ)** അക്കൗണ്ടന്റായി തെരഞ്ഞെടുക്കുന്നതിന് കുടുംബശ്രീ സി.ഡി.എസ്സുകൾക്ക് കീഴിലുള്ള അയൽക്കൂട്ട കുടുംബാംഗങ്ങളിൽ താഴെപറയുന്ന യോഗ്യതയുള്ള സ്ത്രീ-പുരുഷന്മാരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

**A. യോഗ്യതകൾ**

1. **അപേക്ഷക(ൻ) സി.ഡി.എസ് പ്രവർത്തന പരിധിക്കകത്ത് താമസിക്കുന്ന വ്യക്തിയായിരിക്കണം.**
2. അപേക്ഷക(ൻ) കുടുംബശ്രീ അയൽക്കൂട്ടത്തിലെ അംഗമോ/അംഗത്തിന്റെ കുടുംബാംഗമോ ആയിരിക്കണം. **ആശ്രയ കുടുംബാംഗത്തിന് മുൻഗണന നൽകുന്നതാണ്.**
3. **അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള ബി.കോം ബിരുദവും, ടാലി യോഗ്യതയും ഉണ്ടായിരിക്കണം.**
4. അക്കൗണ്ടിംഗിൽ രണ്ടു വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം. (സർക്കാർ/ അർദ്ധസർക്കാർ/ സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ/സഹകരണ സംഘങ്ങൾ / സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ അക്കൗണ്ടിംഗിൽ പ്രവൃത്തിപരിചയം ഉള്ളവർക്ക് മുൻഗണന). അംഗീകൃത ബി.കോം ബിരുദം നേടിയതിനു ശേഷം അക്കൗണ്ടിംഗിൽ രണ്ടു വർഷത്തെ പ്രവൃത്തി പരിചയമുണ്ടായിരിക്കണം.
5. കംപ്യൂട്ടർ പരിജ്ഞാനം (എം.എസ്.ഓഫീസ്, ഇന്റർനെറ്റ് ആപ്ലിക്കേഷൻസ്)
6. 20 നും 35 നും മദ്ധ്യേ (2017 ജനുവരി ഒന്നിന്) പ്രായപരിധിയിൽ ഉള്ളവരായിരിക്കണം. **കുടുംബശ്രീ സി.ഡി.എസ്സുകളിൽ അക്കൗണ്ടന്റായി പ്രവർത്തിച്ചവർക്ക് വീണ്ടും അപേക്ഷിക്കുന്നതിന് പ്രായപരിധി ബാധകമല്ല.**

**B. ഒഴിവുള്ള സി.ഡി.എസ്കളുടെ വിശദാംശം അതതു ജില്ലാ മിഷനിൽ നിന്നും ലഭ്യമാകുന്നതാണ്.**

**C. നിയമനരീതി** : ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ

**D. തെരഞ്ഞെടുപ്പ് രീതി** : എഴുത്തു പരീക്ഷയുടെയും അഭിമുഖത്തിന്റേയും അടിസ്ഥാനത്തിൽ

**E. ശമ്പളം** : പ്രതിമാസം 8,000/- രൂപ (പഴയ സ്കെയിൽ)

**F. അപേക്ഷ സമർപ്പിക്കേണ്ട വിധം**

1. അക്കൗണ്ടന്റ് ഉദ്യോഗാർത്ഥി അപേക്ഷാ ഫോറം പൂരിപ്പിച്ച് നിർദ്ദിഷ്ട സ്ഥലത്ത് ബന്ധപ്പെട്ട അയൽക്കൂട്ടത്തിന്റെ സെക്രട്ടറി/പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയ ശേഷം, സി.ഡി.എസ്.

ചെയർപേഴ്സന്റെ/സെക്രട്ടറിയുടെ മേലൊപ്പോടുകൂടി കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർക്ക് നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കണം. അപേക്ഷ സമർപ്പിക്കുന്ന കവറിനു മുകളിൽ **"കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടന്റ് അപേക്ഷ"** എന്ന് രേഖപ്പെടുത്തിയിരിക്കണം.

ടി യോഗ്യതയുള്ളവർ **2017 ഏപ്രിൽ 6–ാം** തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി അതാത് ജില്ലയിലെ  കുടുംബശ്രീ ജില്ലാമിഷൻ കോ–ഓർഡിനേറ്റർക്ക് നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ യോഗ്യത, പ്രായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറം, കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്ററുടെ മേൽവിലാസം എന്നിവ www.kudumbashree.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.  **2017 ഏപ്രിൽ 20–ാം** തീയതിയായിരിക്കും എഴുത്തുപരീക്ഷ. **2017 ഏപ്രിൽ 10–ാം** തീയതി മുതൽ ഹാൾ ടിക്കറ്റ് കുടുംബശ്രീ വെബ്സെറ്റിൽ ലഭ്യമാകുന്നതാണ്.